# മധുരമായ കുട്ടികളേ – അർത്ഥസഹിതം ബാബയെ ഓർമ്മിക്കുന്നതിലൂടേയാണ് നിങ്ങളുടെ പാപം വിനാശമാകുന്നത്, ആത്മാവ് പതിതത്തിൽ നിന്ന് പാവനമായി മാറുന്നത്. ഓർമ്മയാണ് നമ്പർവൺ സബ്ജക്ട്.

**ചോദ്യം:–** മനുഷ്യരുടെ അപേക്ഷ എന്താണ്, ബാബ എങ്ങിനേയാണ് ആ അപേക്ഷ പൂർത്തീകരിച്ച് കൊടുക്കുന്നത് ?

**ഉത്തരം:–** മനുഷ്യർ ബാബയോട് അപേക്ഷിക്കുന്നു– ഓ ഗോഡ്ഫാദർ, ഞങ്ങളെ പാപങ്ങളിൽ നിന്ന് മുക്തമാക്കൂ, ഓ ദയാഹൃദയനായ ബാബാ ദയ കാണിക്കൂ. ബാബ എല്ലാവരുടേയും അപേക്ഷ കേട്ട് സ്വയം വന്ന് പാപങ്ങളിൽ നിന്ന് മുക്തമാകുന്നതിനുള്ള യുക്തി പറഞ്ഞ് തരുന്നു – കുട്ടികളേ, നിങ്ങൾ എന്നെ ഓർമ്മിക്കൂ. ബാബയുടെ മഹിമ പാടുന്നതിലൂടെ മാത്രം യാതൊരു നേട്ടവും ഇല്ല, ചരിത്രം പാടുന്നതിലല്ല മറിച്ച് രാജയോഗം പഠിച്ച് സൽസ്വഭാവിയാകണം.

**ഗീതം:–** ഭോലാനാഥനേക്കാൾ അദ്ഭുതം.....

**ഓം ശാന്തി**. ഈ മഹിമ ആരുടേതാണ് കേൾപ്പിക്കുന്നത്? അലങ്കോലമായതിനെ നേരെയാക്കുന്നവനെക്കുറിച്ച്. ആദി–മദ്ധ്യ–അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്ന ആ ഭോലാനാഥനാണ് ഉയർന്നതിലും ഉയർന്നത്. ആരെങ്കിലും മനസിലാക്കുന്നതിന് വേണ്ടി വരികയാണെങ്കിൽ എപ്പോഴും അവർക്ക് ആദ്യ കാര്യമായ ഉയർന്നതിലും ഉയർന്ന ഭഗവാനാണ് മഹിമ എന്നത് മനസിലാക്കി കൊടുക്കണം. ഉയർന്നതിലും ഉയർന്നത് ആ ഭഗവാനെന്റെ പേര് തന്നേയാണ്, ഉയർന്നതിലും ഉയർന്നത് ആ ഭഗവാന്റെ സ്ഥാനവും. സിക്ക് ഗ്രന്ഥത്തിലും ഉണ്ട് ഉയർന്ന നാമം, ഉയർന്ന സ്ഥാനം എന്ന്. ഉയർന്നതിലും ഉയർന്ന സ്ഥാനത്ത് വസിക്കുന്നവനാണ് പരമപിതാ പരമാത്മാവ്. നിരാകാരനായ പരമപിതാ പരമാത്മാവ് വസിക്കുന്ന ഇടം നിരാകാരീ ലോകമാണ്. പിന്നീട് താഴെ ആകാരീ, സാകാരീ ലോകം. അതിനാൽ ഏറ്റവും ആദ്യം ബാബയുടെ പരിചയം നൽകണം. പരമപിതാ പരമാത്മാവ് തന്നേയാണ് സത്യം. പരമാത്മാവ് രചയിതാവാണ്. പിന്നീട് പരമാത്മാവിന്റെ രചന. ഉയർന്നതിലും ഉയർന്നത് ബീജരൂപം, പിന്നീട് അതിനു താഴെ സൂക്ഷ്മവതനവാസീ ബ്രഹ്മാ–വിഷ്ണു–ശങ്കരൻ. അത് രചനയാണ്. രചയിതാവ് ഏറ്റവും മുകളിൽ. ആ രചയിതാവാണ് ബാബ, ബാക്കി രചനയാണ്. എല്ലാവരും ഒരു പരമപിതാ പരമാത്മാവിന്റെ സന്താനങ്ങളാണ്, അതിനാൽ നമ്മളാത്മാക്കൾ എല്ലാവരും സഹോദരരാണ്. പരമപിതാവ് പരംധാമിൽ വസിക്കുന്നു. ആ പരമപിതാവിനെ തന്നെയാണ് പരമാത്മാവ് എന്ന് പറയുന്നത്. ശാരീരിക പിതാക്കന്മാർ അനേകമുണ്ട്. ഏറ്റവും ആദ്യം ആത്മീയ അച്ഛന്റെ പരിചയം നൽകണം. ആ അച്ഛന്റെ രചനകളാണ് എല്ലാവരും. ചിത്രങ്ങളിലേക്കും ശ്രദ്ധ ആകർഷിക്കണം. മനുഷ്യ സൃഷ്ടി രൂപീ വൃക്ഷത്തിന്റെ ചൈതന്യ ബീജരൂപം എന്ന് പറയുന്ന പരമപിതാ പരമാത്മാവാണ് ഏറ്റവും ആദ്യം. സത്–ചിത്–ആനന്ദസ്വരൂപമാണ് പരമാത്മാവ്. സത് എന്നാൽ സത്യം പറയുന്നവൻ. ആത്മാവും സത്യമാണ്, അതും കത്തുകയും മരിക്കുകയും ചെയ്യുന്നില്ല. സത്യമായ ബാബയുടെ കുട്ടികളും സത്യമാകണം. നിങ്ങൾ ആദ്യം സത്യമായ ദേവീ–ദേവതകളായിരുന്നു. സത്യഖണ്ഡം സ്ഥാപിക്കുന്ന സത്യമായ ബാബ. പരമപിതാ പരമാത്മാവ് അസത്യ ഖണ്ഡം സ്ഥാപിക്കുന്നില്ല. സത്യഖണ്ഡമായിരുന്ന ഈ ഭാരതം പിന്നീട് അസത്യഖണ്ഡമായി മാറി. പരമപിതാ പരമാത്മാവ് സത്യമാണ്. പതിതമാക്കുന്നവനെ സത്യം എന്ന് പറയില്ല. ബാക്കിയെല്ലാം അസത്യമാണ്. പഞ്ചവികാരമാകുന്ന മായാ രാവണൻ അസത്യമാക്കി. രാമൻ സത്യവും രാവണൻ അസത്യവും. രാവണൻ തന്നെയാണ് ഭാരതത്തെ അസത്യമാക്കിയത്. കഥയെല്ലാം ഭാരതത്തിലാണ്. ഭാരതം സ്വർഗമായിരുന്നു ഇപ്പോൾ നരകമായി എന്ന് മനസിലാക്കി കൊടുക്കണം. ബാബയെ സ്വർഗ്ഗ സ്ഥാപകൻ അഥവാ സ്വർഗത്തിന്റെ രചയിതാവ് എന്ന് പറയുന്നു. മഹിയും ഭാരതത്തിനാണ്. ആദി–മദ്ധ്യ– അന്ത്യത്തിന്റെ ജ്ഞാനം നിങ്ങളെ കേൾപ്പിക്കുന്നു, അതിലൂടെ നിങ്ങൾ ത്രികാല ദർശികളാകുന്നു. ഇതിനെ സ്വദർശന ചക്രം എന്ന് പറയുന്നു. ഞങ്ങൾ ആത്മാക്കൾ വീണ്ടും പരമപിതാ പരമാത്മാവിൽ നിന്ന് സമ്പത്തെടുത്ത് കൊണ്ടിരിക്കുന്നു എന്ന് നിങ്ങൾക്കറിയാം. ആത്മാക്കളും പരമാത്മാവും വളരെ കാലം വേറിട്ടിരുന്നു എന്ന് പാടിയിട്ടുണ്ട്. ഇപ്പോൾ ഈ മിലനം വളരെ സുന്ദരവും മംഗളകാരിയും ആണ്. നിങ്ങൾ ഏറ്റവും ആദ്യം ബാബയുടെ പരിചയം നൽകുന്നു. രചയിതാവായ ബാബയെ സർവ്വവ്യാപിയെന്ന് പറയുന്നതിലൂടെ നമ്മളെല്ലാം മക്കളാണ് എന്ന കാര്യം ഇല്ലാതായി. ഞങ്ങളെല്ലാം പരമപിതാ പരമാത്മാവാണ് എന്ന് മക്കൾ ഒരിക്കലും പറയില്ല. സർവ്വവ്യാപീ എന്ന് പറയുമ്പോൾ ബാബയോട് ആ സ്നേഹം ഉണ്ടാകുന്നില്ല, ബുദ്ധിയോഗവും ഇരിക്കുന്നില്ല. ഭാരതത്തിന്റെ പ്രാചിന യോഗം പ്രസിദ്ധമാണ്. വാസ്തവത്തിൽ

ബുദ്ധിയോഗം ബാബയോടാണ് വെക്കേണ്ടത്. സർവ്വവ്യാപി ആണെങ്കിൽ പിന്നെ യോഗം ആരുമായി വെക്കും. സ്വയം സ്വയത്തോട് വെക്കുമോ? യാതൊരർത്ഥവുമില്ല. ഇവിടെ നിങ്ങൾ അർത്ഥസഹിതം മസിലാക്കുന്നു. ബാബ സ്വയം പറയുന്നു എന്നോട് യോഗം വെക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. വികർമ്മം ഉണ്ടായി കൊണ്ടേയിരിക്കും.സമ്പൂർണ കർമ്മാതീതാവസ്ഥ അന്തിമത്തിൽ ഉണ്ടാകും. ജ്ഞാനത്തിന്റെ അന്ത്യമാകുമ്പോൾ റിസൾട്ട് വരും. സ്ക്കൂളിലും ചിലർ ചില വിഷയത്തിൽ സമർത്ഥരാകും, ചിലർ വേറെ ചിലതിലായിരിക്കും സമർത്ഥരാകുക. സഹജമായ വിഷയം ഓർമ്മയാണ്. ബാബയെ ഓർമ്മിച്ച് കൊണ്ടിരിക്കുന്നു. ഓർമ്മയിലൂടെ ആത്മാവ് നല്ലതാകുന്നു. പാത്രം വൃത്തിയാകുന്നു. അപവിത്രമായ ആത്മാവ് പവിത്രമാകുന്നു. ഉയർന്നതിലും ഉയർന്ന ബാബ വന്ന് പഠിപ്പിക്കുന്നു ഉയർന്നതിലും ഉയർന്ന പദവിയും പ്രാപ്തമാക്കിക്കുന്നു. നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവതയാകുന്നു. ആദിസനാതന ദേവീ-ദേവതാ ധർമ്മമായിരുന്നു എന്ന് മനസിലാക്കുന്നു. അവരെ ഹിന്ദു എന്ന് പറയില്ല. ഹിന്ദു ധർമ്മം ശോഭിക്കുന്നില്ല, ഭാരതത്തിന്റെ പേര് തന്നെ മാറ്റി ഹിന്ദുസ്ഥാൻ എന്ന് വെച്ചുകളഞ്ഞു. ആദി സനാതന പവിത്ര ദേവീ-ദേവതാ ധർമ്മമായിരുന്നു, അതിനെ വൈകുണ്ഠം അഥവാ സ്വർഗം എന്ന് പറയുന്നു. അത് സത്യയുഗമാണ്. അതിനെ പുതിയ യുഗം എന്ന് പറയുന്നു. അതിന്റെ രചയിതാവ് ബാബയാണ്. ബാബ നിരാകാരനാണ്. എല്ലാവരും ഗോഡ്ഫാദർ എന്ന് വിളിക്കുന്നു. ഉയർന്നതിലും ഉയർന്നയിടത്ത് വസിക്കുന്നു. ബ്രഹ്മാ-വിഷ്ണു-ശങ്കരന് സൂക്ഷ്മ ദേഹം ലഭിക്കുന്നു. അതിനെ സൂക്ഷ്മ ലോകം എന്ന് പറയുന്നു. ബാബയുടേത് ശാന്തിധാമാണ്, നിശബ്ദ ലോകം. ഇത് സ്ഥൂലവതനമാണ്. ആദ്യം ആര് വരികയാണെങ്കിലും ഫോറം പൂരിപ്പിച്ച് വാങ്ങണം. ആത്മാവിന്റെ അച്ഛൻ ആരാണ്? ഉയർന്നതിലും ഉയർന്നത് എന്ന് ഭഗവാനെ തന്നെയാണ് പറയുന്നത്. സന്യാസി മുനിമാരെല്ലാം പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയെ അഭ്യർത്ഥന എന്നും പറയുന്നു. ഓ ഗോഡ്ഫാദർ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഞങ്ങളുടെ പാപങ്ങളെ ഭസ്മീകരിക്കൂ ദയാഹൃദയനായ ബാബാ ദയ കാണിക്കൂ. ഇങ്ങിനെ ഇങ്ങിനെ വിളിക്കുന്നു. ദയ എല്ലാവരുമൊന്നും ചെയ്യില്ല. എല്ലാവരിലും ദയ കാണിക്കുന്നത് ഒരേയൊരു ബാബയാണ്. സർവ്വോദയ എന്ന് പറയാറില്ലേ. ഇപ്പോൾ ആ ബാബ എന്ത് ചെയ്യുന്നു? എത്ര പേരിൽ ദയ കാണിച്ച് കൊണ്ടിരിക്കുന്നു. അതും ഡ്രാമയിൽ അടങ്ങിയതാണ്. ഈ സമയം എന്തെല്ലാം നടക്കുന്നുവോ അവയുമായി നിങ്ങൾക്ക് താരതമ്യപ്പെടുത്താൻ കഴിയും. ഗീതാ ഭാഗവതത്തിൽ ഈ കാര്യങ്ങളൊന്നും ഇല്ല. ഗീത ജ്ഞാനമാണ്, ബാക്കി ചരിത്രം എന്നിവയുടെയൊന്നും ആവശ്യമില്ല. വിദ്യാർത്ഥി ടീച്ചറിന്റെ ചരിത്രം പാടുമോ? മാസ്റ്ററോടൊപ്പമിരുന്ന് മഹിമ പാടുന്നതിലൂടെ യാതൊരു നേട്ടവുമില്ല. ബാബ ജ്ഞാനസാഗരനാണ്, സുഖസാഗരനാണ് എന്ന ബാബയുടെ മഹിമ മാത്രം ചെയ്യുന്നതിലൂടെ ഒന്നും തന്നെ ലഭിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ബാബ ഞങ്ങളെ രാജയോഗം പഠിപ്പിച്ച് ത്രികാല ദർശിയാക്കുന്നു എന്ന്, അതായത് മൂന്ന് കാലങ്ങളുടെ മൂന്ന് ലോകങ്ങളുടെ ജ്ഞാനം നൽകുന്നു. എങ്കിൽ നിങ്ങളെ മാസ്റ്റർ ത്രിലോകീനാഥൻ എന്നും പറയാം. ത്രികാല ദർശീ എന്നും പറയാം. മൂന്ന് ലോകങ്ങളേക്കുറിച്ചും അറിയുന്ന നാഥനായി മാറുന്നു. ഇത് രാജയോഗമാണ്. ഞങ്ങൾ ചക്രവർത്തിയായി കൊണ്ടിരിക്കുന്നു. ആക്കുന്നത് ബാബയാണ്. പവിഴ നാഥൻ എന്ന് പറയാറില്ലേ. അത് ലക്ഷ്മീ-നാരായണനാണ്, അവർക്ക് ക്ഷേത്രങ്ങളുണ്ട് എന്നാൽ ഇവരാരാണ് എന്ന് ആളുകൾ മനസിലാക്കുന്നില്ല. ലക്ഷ്മീ-നാരായണനാണ് പവിഴപുരിയുടെ നാഥൻ. സത്യയുഗത്തേയാണ് പവിഴപുരി എന്ന് പറയുന്നത്.

കൃഷ്ണന് വജ്ര-രത്നങ്ങൾ കൊണ്ടുള്ള കൊട്ടാരമുണ്ടായിരുന്നു എന്ന് നിങ്ങൾക്കറിയാം. രത്നങ്ങളുടെ നാഥനായിരുന്നു. എല്ലാവരുടേയും രചയിതാവ് ബാബയാണ് എന്ന് ആദ്യം മനസിലാക്കി കൊടുക്കൂ. ബ്രഹ്മാ-വിഷ്ണു-ശങ്കരന്റേയും രചയിതാവ് ബാബ തന്നെയാണ്. ഈ ബാബ സ്വർഗത്തിന്റെ രചയിതാവാണ് എന്ന് ആദ്യം നിശ്ചയം വെക്കൂ. സ്വർഗത്തിൽ ആദിസനാതന ധർമ്മത്തിൽ പെട്ടവരായിരുന്നു. അവർക്ക് ഈ ജ്ഞാനം എപ്പോൾ ലഭിച്ചു? ബാബ പറയുന്നു ഞാൻ കൽപ്പ കൽപ്പം സംഗമയുഗത്തിൽ ഈ ജ്ഞാനം നൽകുന്നതിന് വേണ്ടി വരുന്നു. നിങ്ങൾ സത്യയുഗ ആദിയിലെ രത്നങ്ങളുടെ നാഥനായി മാറി കൊണ്ടിരിക്കുന്നു. എത്ര ഒന്നാംതരം ജ്ഞാനമാണ്. ഇവിടെ ഇരുന്നുകൊണ്ട്, നിങ്ങൾക്കറിയാം ഞങ്ങൾ ബാബയിൽ നിന്ന് സ്വർഗത്തിന്റെ സമ്പത്ത് നേടി പാരസ്പുരിയിലെ പാരസ് നാഥനായി മാറും.

ലക്ഷ്മീ-നാരായണൻ തുടങ്ങിയ ആദി ദേവീ-ദേവതമാർ എത്ര ധനവാനായിരുന്നു എന്ന് നിങ്ങൾക്കറിയാം. ധാരാളം ആഭരണങ്ങളും മറ്റും ഉണ്ടായിരുന്നു. വലിയ ധനികരായിരുന്നു. ഏറ്റവും ആദ്യം ബാബയെ മനസിലാക്കി ബാബയിൽ നിന്ന് സമ്പത്തെടുക്കണം. ഓർമ്മയിലൂടെ സമ്പത്തെടുക്കണം. ഇതാണ് സൂക്ഷ്മമായ കാര്യം. പവിഴ രത്നങ്ങൾ കൊണ്ട് എത്ര വലിയ കൊട്ടാരങ്ങളായിരുന്നു. ഇപ്പോൾ അവയെല്ലാം ഇല്ലാതായി. പിന്നീട് സമയത്ത് ഉണ്ടാകുന്നു. ആദ്യം ഉണ്ടായിരുന്നു, പിന്നീട് അവസാനിച്ചു, വീണ്ടും തീർച്ചയായും ഉണ്ടാകും, ഡ്രാമയിൽ അടങ്ങിയതാണ്. ഇത് ബുദ്ധിയിലൂടെ മനസിലാക്കേണ്ട കാര്യങ്ങളാണ്. യുദ്ധത്തിലൂടെ എല്ലാം നശിക്കുന്നു. പിന്നീട് പുതിയ കൊട്ടാരങ്ങൾ ഉണ്ടാകുന്നു. കൊട്ടാരം തീർച്ചയായും ഉണ്ടാക്കും. കൊട്ടാരങ്ങൾ ഉണ്ട് എന്ന് നിങ്ങൾക്ക് സാക്ഷാത്ക്കാരം ഉണ്ടാകും. നമ്മൾ ഉണ്ടാക്കിയിരുന്നു.

സാഗരത്തിന് അടിയിൽ പോയവയൊന്നും പുറത്ത് വരില്ല. ഇല്ല. ഈ ഡ്രാമയുടെ ചക്രം കറങ്ങി കൊണ്ടിരിക്കുകയാണ്. വെള്ളത്തിന്റെ അടിയിൽ പോയ രാവണന്റെ ലങ്ക അഥവാ സ്വർണ ദ്വാരക വീണ്ടും പുറത്ത് വരും എന്നാണ് അവർ മനസിലാക്കിയിരിക്കുന്നത്. എന്നാൽ ഇങ്ങിനെ ഉണ്ടാകുന്നേ ഇല്ല. ഇപ്പോൾ നിങ്ങൾ ദ്വാരകയിലെ അധികാരിയായി മാറി കൊണ്ടിരിക്കുന്നു. എത്ര സമ്പന്നമായിരുന്നു !ധന വും സമ്പത്തും എല്ലാം ഉണ്ടായിരുന്നു. ഇപ്പോൾ എല്ലാം പോയി. എല്ലാം കൊണ്ട് പോയി. വീണ്ടും ഇങ്ങിനെ തന്നെ ഉണ്ടാകും. ഏറ്റവും ആദ്യം ബാബയുടെ പരിചയം നൽകി പിന്നീട് ചക്രത്തിന്റെ രഹസ്യം മനസിലാക്കി കൊടുക്കണം ഇത് ഇങ്ങിനെ കറങ്ങുന്നു എന്ന്. സത്യയുഗത്തിന്റെ സ്ഥാപന ബാബ തന്നെ ചെയ്യുന്നു. ഇപ്പോൾ ബാബ സന്മുഖത്തിരുന്ന് പറയുന്നു എന്നെ ഓർമ്മിക്കൂ എന്ന്. ഈ ഓർമ്മയുടെ യോഗാഗ്നിയിലൂടെ തന്നേയാണ് നിങ്ങൾ പതിതത്തിൽ നിന്ന് പാവനമാകുന്നത്. മറ്റ് ഉപായങ്ങളൊന്നും ഇല്ല. യോഗാഗ്നിയിലൂടെ ആത്മാവ് പതിതത്തിൽ നിന്ന് പാവനമാകുന്നു. പതിത പാവനനായ ബാബ തന്നേയാണ് വന്ന് പാവന ലോകം സ്ഥാപിക്കുന്നത്. പിന്നെ നിങ്ങൾ ഗംഗയെ എന്തിനാണ് പതിത– പാവനീ എന്ന് പറയുന്നത്. ജപം, തപം, ഗംഗാസ്നാനം എന്നിവ ചെയ്യുക ഇവയെല്ലാം ഭക്തിമാർഗത്തിലെ സാമഗ്രികളാണ്. ഭക്തിമാർഗം ആദ്യം അവ്യഭിചാരിയായിരുന്നു പിന്നീട് വ്യഭിചാരിയാകുന്നു. വ്യഭിചാരിയാകുന്നതിന് അരകൽപ്പം എടുക്കുന്നു. 16കലയിൽ നിന്ന് 14 കല, വീണ്ടും കലകൾ കുറഞ്ഞ് പോയി കൊണ്ടിരിക്കുന്നു. ഇത് ജ്ഞാനസാഗരനായ ബാബ മനസിലാക്കി കൊടുക്കുന്നു. ബ്രഹ്മാ– വിഷ്ണു– ശങ്കരനെ ജ്ഞാനസാഗരൻ, മനുഷ്യസൃഷ്ടിയുടെ ബീജരൂപം എന്ന് പറയില്ല. പരമപിതാ എന്ന് പറയുന്നതിലൂടെ ബുദ്ധി ബ്രഹ്മാ–വിഷ്ണു–ശങ്കരനിലേക്ക് പോകില്ല. ആത്മാക്കൾ പരമപിതാ പരമാത്മാവായ അച്ഛനെ തന്നേയാണ് ഓർമ്മിച്ച് കൊണ്ടിരിക്കുന്നത്, അവർക്ക് ദു:ഖം ഉണ്ടാകുമ്പോൾ. സത്യയുഗത്തിൽ സുഖമുള്ളപ്പോൾ ആരും വിളിക്കുന്നില്ല. ഇപ്പോൾ ആത്മാക്കൾ അരകൽപ്പമായി ദു:ഖം നേടി എന്ന് മനസിലാക്കുന്നു. ഇപ്പോൾ വീണ്ടും സ്വർഗത്തിൽ പോകും. അവിടെ യാതൊരു ദു:ഖവും ഉണ്ടാകില്ല അതിനാൽ സത്യയുഗത്തിൽ ബാബയെ ഓർമ്മിക്കേണ്ട ആവശ്യം വരുന്നില്ല. ഡ്രാമയനുസരിച്ച് ബാബ നമുക്ക് സുഖത്തിന്റെ സമ്പത്ത് തന്ന് തന്നേയാണ് പോകുക. മനുഷ്യർ വൃദ്ധരാകുമ്പോൾ വാനപ്രസ്ഥത്തിൽ ഇരിക്കുന്നു. ഗുരുവിനെ സ്വീകരിക്കുന്നു. ഇവിടെ ബാബ സ്വയം വന്ന് സത്ഗുരുവാകുന്നു. ഞാൻ നിങ്ങളേയെല്ലാം കൂടെ കൊണ്ട് പോകും എന്ന് പറയുന്നു. ഇങ്ങിനെ മറ്റാർക്കും പറയാൻ സാധിക്കില്ല. കൂടെ ആരും കൊണ്ട് പോകില്ല. ഓരോരുത്തർക്കും പുനർ ജന്മം തീർച്ചയായും എടുക്കുക തന്നെ വേണം. പാർട്ടിൽ വരിക തന്നെ വേണം. ഞാൻ ഇടക്കിടെ ജന്മം എടുക്കുന്നില്ല. ഞാനും ഇടക്കിടെ ജന്മം എടുക്കുകയാണെങ്കിൽ തമോപ്രധാനമാകും. ആത്മാവ് തന്നേയാണ് അപവിത്രമാകുന്നത്. ആത്മാവിൽ കറ വീഴുന്നു. സുവർണ യുഗം, സിൽവർ യുഗം എന്നീ വാക്കുകളെല്ലാം ഇപ്പോഴുണ്ട്. ഇപ്പോൾ കലിയുഗമാണ്. സംഗമസമയമാണ്. ബാബക്ക് തീർച്ചയായും വരിക തന്നെ വേണം. പഴയ ലോകത്തെ പുതിയതാക്കുക ഇത് ബാബയുടെ തന്നെ ജോലിയാണ്. ബാബ തന്നേയാണ് പതിത പാവനൻ അതായത് സൃഷ്ടിയെ മാറ്റുന്നവൻ. സൃഷ്ടിയുടെ രചയിതാവല്ല, മാറ്റുന്നവനാണ്. രചിക്കുന്നവൻ എന്ന് പറയുന്നതിലൂടെ മനുഷ്യർ വലിയ പ്രളയമുണ്ടാകുന്നു എന്ന് മനസിലാക്കുന്നു. പതിത–പാവനൻ എന്ന വാക്ക് ശരിയാണ്. സന്യാസിമാരും പാടാറുണ്ട് പതിത–പാവന സീതാറാം എന്ന്, പതിത–പാവനി ഗംഗാ എന്ന് ഒരിക്കലും പാടാറില്ല. ഇത് വെള്ളമാണ് അതിനാൽ അത് അവിടേയും ഉണ്ടാകും. എന്നാൽ അവിടെ എല്ലാ വസ്തുക്കളും സതോപ്രധാനമായിരിക്കും, ഗംഗയും സതോപ്രധാനമായിരിക്കും. ഇവിടെ തമോപ്രധാനമാണ്, വെള്ളപൊക്കമുണ്ടാക്കുന്നു, ഗ്രാമങ്ങളെ മുക്കുന്നു. ബ്രഹ്മപുത്ര എത്ര നദികളെ മുക്കിയിരിക്കുന്നു. ഇത് ദു:ഖധാമാണ്. സത്യയുഗത്തിൽ അൽപ്പം പോലും ദു:ഖം ഉണ്ടാകില്ല. അവിടെ നിയമമനുസരിച്ച് അതിന്റേതായ വഴിയിലൂടെ പോകുന്നു. ഇവിടെ ഗതി മാറ്റുന്നു. ഇടക്ക് മറ്റൊരുവഴിലൂടെ പോകുന്നു. അവിടെ 5 തത്വങ്ങളും സതോപ്രധാനമാകുന്ന കാരണം ജലവും ഒരിക്കലും ദു:ഖം നൽകുന്നില്ല. ഇവിടെ ജലവും ദു:ഖം നൽകുന്നു. സ്വർഗത്തിന്റെ സുഖം നൽകുന്നത് ആരാണ് എന്ന് ആദ്യം മനസിലാക്കണം. തീർച്ചയായും ബാബ തന്നേയാണ്. ഇപ്പോൾ നരകമാണ്. ബാബ വന്നിരിക്കുന്നു. ഞങ്ങൾ പ്രജാപിതാ ബ്രഹ്മാവിന്റെ മക്കൾ ബ്രഹ്മാകുമാർ–കുമാരിമാരാണ്. പ്രജാപിതാ ബ്രഹ്മാവാണ് അതിനാൽ സൃഷ്ടി രചിക്കുന്നു. മനുഷ്യനിൽ നിന്ന് ദേവതയാക്കി....... ആര് ചെയ്തു ?പരമപിതാ പരമാത്മാവ്. കൃഷ്ണൻ സ്വയം ദേവതയാണ്. ബാബ തന്നേയാണ് വന്ന് മനുഷ്യനെ ദേവതയാക്കുന്നത്. ഇത് നിങ്ങൾ ഇപ്പോഴാണ് മനസിലാക്കുന്നത്. മുമ്പ് പാടുക മാത്രമാണ് ചെയ്തിരുന്നത് മനുഷ്യനിൽ നിന്ന് ദേവതയാക്കി..... എന്ന്. ആരാണ് സത്യയുഗം സ്ഥാപിച്ചത് എന്ന് മനസിലാക്കിയിരുന്നില്ല. രചയിതാവ് ആരാണ്? സത്യയുഗീ സൃഷ്ടി പിന്നീട് കലിയുഗിയായി തീരുന്നു. നിങ്ങൾ കുട്ടികൾ ഇത് ആകാശതത്വത്തിന്റെ വളരെ വലിയ സ്റ്റേജ് ആണെന്ന് മനസിലാക്കി. ഇതിൽ കളി നടക്കുന്നു, തുറന്ന സ്റ്റേജ് ആവശ്യമില്ലേ. മനുഷ്യർ പാർട്ടഭിനയിക്കുമ്പോൾ പ്രകാശവും വേണം. ഇതിന് വേണ്ടി സൂര്യനും, ചന്ദ്രനും സേവനം ചെയ്യുന്നു. നക്ഷത്രങ്ങളും തിളങ്ങുന്നു. രാത്രിയാകുമ്പോൾ പ്രകാശം അതായത് സുഖം നൽകുന്നു അതിനാൽ സൂര്യ ദേവത, ചന്ദ്ര ദേവത എന്നെല്ലാം പറയുന്നു. പ്രകാശം എന്നിവയുടെ സുഖം

നൽകുന്നില്ലേ. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ഡ്രാമയുടെ ചക്രത്തെ യഥാർത്ഥ രീതിയിൽ മനസിലാക്കി പുരുഷാർത്ഥം ചെയ്യണം. ബാബക്ക് സമാനം ദയാഹൃദയനായി എല്ലാവരിലും ദയ കാണിക്കണം.

2) ബാബ സത്യഖണ്ഡം സ്ഥാപിച്ച് കൊണ്ടിരിക്കുന്നു അതിനാൽ സത്യമായിരിക്കണം. ബാബയുടെ ഓർമ്മയിലൂടെ ആത്മാവിനെ സ്വച്ഛമാക്കണം.

## വരദാനം:- സേവനത്തിന്റെ ഭാവനയിലൂടെ അമര ഫലം പ്രാപ്തമാക്കുന്ന സദാ മായയുടെ രോഗത്തിൽ നിന്നും മുക്തമായി ഭവിക്കൂ

ഏത് കുട്ടികളാണോ സംഗമയുഗത്തിൽ പ്രഭൂ ഫലം, അവിനാശീ ഫലം, സർവ്വ സംബന്ധങ്ങളുടേയും സ്നേഹത്തിന്റെ രസമുള്ള ഫലം കഴിക്കുന്നത് അവർ സദാ മായയുടെ രോഗങ്ങളിൽ നിന്ന് മുക്തമായി കഴിയുന്നു. മറ്റ് ഫലങ്ങൾ സത്യയുഗത്തിലും ലഭിക്കും കലിയുഗത്തിലും ലഭിക്കും എന്നാൽ സേവനത്തിന്റെ ഭാവനയുടെ പ്രത്യക്ഷ ഫലം, പ്രഭൂ ഫലം അഥവാ ഇപ്പോൾ കഴിച്ചില്ലെങ്കിൽ മുഴുവൻ കൽപത്തിലും കഴിക്കാൻ സാധിക്കില്ല. ഈ ഫലം ഈശ്വരീയ ഇന്ദ്രജാലത്തിന്റെ ഫലമാണ്, ഈ ഫലം കഴിക്കുന്നതിലൂടെ ഇരുമ്പിൽ നിന്ന് പവിഴമല്ല എന്നാൽ വജ്രമായി മാറുന്നു. ഈ ഫലം സർവ്വ വിഘ്നങ്ങളെയും സമപ്തമാക്കി മാറ്റുന്ന അമര ഫലമാണ്.

## സ്ലോഗൻ:- അപകാരികളിലും ഉപകാരം ചെയ്യുന്നവർ, നിന്ദകനെയും മിത്രമെന്ന് മനസ്സിലാക്കുന്നവർ തന്നെയാണ് ബാബയ്ക്ക് സമാനം.